REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 27-01-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ഇന്ത്യ- യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ, ഇന്ത്യ- UK വ്യാപാര ഉടമ്പടിക്കൊപ്പം വാണിജ്യബന്ധങ്ങളെ പോഷിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു വിളിച്ച സർവ്വകക്ഷിയോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു.**
- **മുഖ്യമന്ത്രിക്ക് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കാൻ ധാർമ്മികാവകാശമില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025 ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും.**
- **സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് B യിൽ കേരളം ഉച്ചക്ക് രണ്ടിന് ഒഡീഷയെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യ- യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യ- UK വ്യാപാര ഉടമ്പടിക്കൊപ്പം വാണിജ്യബന്ധങ്ങളെ പോഷിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ലോകത്തെ രണ്ട് വൻ സാമ്പത്തിക ശക്തികളുടെ ഏകോപനം ലോക വ്യാപാരത്തിന്റെയും വിതരണ ശൃംഖലയുടെയും മൂന്നിലൊന്നാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇത് നിർമ്മാണ - സേവന മേഖലകളെ വൻതോതിൽ വികസിപ്പിക്കും. സൗത്ത്

ഗോവയിലെ ബേദുൽ ഗ്രാമത്തിൽ ഊർജ്ജ വാരം നാലാം പതിപ്പ് വെർച്വലായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഊർജ്ജ മേഖലയിൽ വൻ നിക്ഷേപ സാധ്യത ഇന്ത്യയിലുണ്ടെന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിക്ഷേപകർ രാജ്യത്തെത്തുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ഊർജ്ജരംഗത്തെ സംഭാഷണങ്ങൾക്കും പ്രവർത്തനങ്ങൾക്കും വേദിയായി ഊർജ്ജവാരം മാറിക്കൊണ്ടിരിക്കുകയാണെന്നും നരേന്ദ്രമോദി വിലയിരുത്തി.

സമ്മേളനത്തിൽ പങ്കെടുക്കുന്ന പ്രതിനിധികളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി, UAE, കാനഡ, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, മധ്യഏഷ്യ, ഗ്ലോബൽ സൗത്ത് എന്നിവിടങ്ങളിലെ മുതിർന്ന മന്ത്രിമാർ തുടങ്ങിയവർ കോൺക്ലേവിൽ പങ്കെടുക്കും.

✪✪✪

ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു വിളിച്ച സർവ്വകക്ഷിയോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിലാണ് യോഗം. രാജ്യസഭാ കക്ഷി നേതാവ് JP നദ്ദ, പാർലമെന്ററി സഹമന്ത്രി അർജ്ജുൻ റാം മെഘ്‌വാൾ, I & B സഹമന്ത്രി ഡോ. L മരുഗൻ, കോൺഗ്രസ് നേതാവ് ജയറാം രമേശ്, DMK യിലെ തിരുച്ചിശിവ, TMC യിലെ സാഗരിക ഘോസെ, സമാജ്‌വാദി പാർട്ടി നേതാവ് രാംഗോപാൽ യാദവ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

നാളെ മുതൽ ഏപ്രിൽ രണ്ട് വരെയാണ് പാർലമെന്റ് ബജറ്റ് സമ്മേളനം. ഫെബ്രുവരി 13 വരെ ആദ്യഘട്ടവും, മാർച്ച് ഒൻപത് മുതൽ രണ്ടാം ഘട്ടവും നടത്താനാണ് തീരുമാനം. ഫെബ്രുവരി ഒന്നിന് കേന്ദ്രബജറ്റ് അവതരിപ്പിക്കും. നാളെ രാഷ്ട്രപതി ദ്രൗപതി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത യോഗത്തെ അഭിസംബോധന ചെയ്ത് ബജറ്റ് സമ്മേളനത്തിന് തുടക്കമിടും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയുമായും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നുമായും ന്യൂഡൽഹിയിൽ ചർച്ചകൾ നടത്തുന്നു. പ്രതിനിധി തല ചർച്ചകൾക്ക് ശേഷം നിരവധി കരാറുകളിൽ ഒപ്പുവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇന്ത്യ- യൂറോപ്യൻ യൂണിയൻ, സുരക്ഷാ - രാജ്യരക്ഷാ പങ്കാളിത്ത കരാർ ഇന്ന് ഒപ്പുവെയ്ക്കുമെന്ന് യൂറോപ്യൻ കമ്മീഷൻ വൈസ് പ്രസിഡണ്ട് കാജാ കല്ലാസ് ഡൽഹിയിൽ അറിയിച്ചു.

സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച പ്രഖ്യാപനവും, ഇന്നത്തെ ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഉച്ചകോടിയിൽ ഉണ്ടായേക്കും.

✪✪✪

മുഖ്യമന്ത്രിക്ക് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കാൻ ധാർമ്മികാവകാശമില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ. പൊലീസിനു നേരെ സ്റ്റീൽബോംബെറിഞ്ഞ ആൾക്ക് പരോൾ നൽകാനും അഴിമതി പുറത്തു പറയുന്നവരെ മർദ്ദിക്കാനും അധികാരത്തിന്റെ കരുത്തിൽ ജനങ്ങളെ ഭീഷണിപ്പെടുത്താനുമാണ് ശ്രമമെന്നും സതീശൻ കുറ്റപ്പെടുത്തി.

പാർട്ടി ഫണ്ട് പിരിവിനെപ്പറ്റി കൊണ്ടുവന്ന അടിയന്തര പ്രമേയം നിഷേധിച്ചത് ഒരു കാരണവുമില്ലാതെയാണെന്ന് KK രമ MLA. പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത പണം തിരിമറി ചെയ്യുന്നതിനെപ്പറ്റി അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ടെന്നും രമ പറഞ്ഞു.

✪✪✪

പയ്യന്നൂർ MLA ഓഫീസിലേക്ക് മാർച്ച് നടത്തിയ സ്ത്രീകൾ അടക്കം കോൺഗ്രസ് പ്രവർത്തകരെ CPIM പ്രവർത്തകർ മർദ്ദിച്ചതായി പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. നിയമസഭ ബഹിഷ്കരിച്ച ശേഷം നിയമസഭാ മീഡിയാ റൂമിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണത്തിന്റെ മറവിൽ CPIM നടത്തുന്ന ആക്രമണമാണിതെന്നും അദ്ദേഹം ആരോപിച്ചു. പയ്യന്നൂർ ഫണ്ട് തട്ടിപ്പ് വിഷയത്തിൽ CPIM ഉം മുഖ്യമന്ത്രിയും പ്രതിരോധത്തിലായതു കൊണ്ടാണ് അടിയന്തര പ്രമേയത്തിന് അനുമതി നൽകാതിരുന്നതെന്നും VD സതീശൻ പറഞ്ഞു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ സംസ്ഥാന വ്യാപക പ്രതിഷേധം സംഘടിപ്പിക്കുമെന്നും VD സതീശൻ പറഞ്ഞു

✪✪✪

ശബരിമല സ്വർണക്കേസ് വിഷയത്തിൽ രണ്ടു പ്രതിപക്ഷ MLA മാർ നിയമസഭാ കവാടത്തിനു മുന്നിൽ സത്യഗ്രഹം ആരംഭിച്ചു.

ആകാശവാണി ലേഖകൻ സ്മിതി Mപള്ളുരുത്തി.

....(വോയ്സ്).......

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള വിഷയം ഉന്നയിച്ചു കാസർഗോഡ് കളക്ടറേറ്റിലേക്ക് കോൺഗ്രസ് പ്രവർത്തകർ നടത്തിയ മാർച്ചിൽ സംഘർഷം. പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മാസം 19 വരെ 3,360 വായ്പകൾ അനുവദിച്ചതിലൂടെ 2,963 സംരംഭങ്ങൾ ആരംഭിച്ചുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയെ അറിയിച്ചു. ഇതിനായി 1286 കോടി 96 ലക്ഷം രൂപ അഞ്ച് ശതമാനം പലിശ നിരക്കിൽ വായ്പ നൽകിയെന്നും മുഖ്യമന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞു. പദ്ധതിയിലൂടെ 87,440 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നും, അഞ്ച് വർഷത്തിനുള്ളിൽ 2,500 സംരംഭങ്ങൾ തുടങ്ങാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ നടപടികളും സംസ്ഥാന ഗവണ്മെന്റ് കൈക്കൊള്ളുമെന്നും മന്ത്രി V ശിവൻകുട്ടി നിയമസഭയിൽ പറഞ്ഞു. ലേബർ കോഡുകൾക്കെതിരെ ഇന്ത്യയിലെ തൊഴിലാളി വർഗ്ഗം യോജിച്ച പ്രക്ഷോഭത്തിലാണെന്നും മന്ത്രി അറിയിച്ചു. P നന്ദകുമാർ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു V ശിവൻകുട്ടി.

✪✪✪

വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിയിരുന്ന അവയവ മാറ്റ ശസ്ത്ര ക്രിയകൾ ഗവൺമെന്റ് ആശുപത്രികളിൽ നടത്താൻ കഴിയുന്നു എന്നത് അഭിമാന നേട്ടമാണെന്ന് മന്ത്രി വീണാ ജോർജ് നിയമസഭയിൽ പറഞ്ഞു. ഏറെ ചെലവ് വരുന്ന അവയവ മാറ്റ ശസ്ത്രക്രിയ സാധാരണക്കാർക്ക് ഗവൺമെന്റ് ആശുപത്രികളിൽ സൗജന്യമായി ചെയ്യാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ഈ ചികിത്സാ സൗകര്യം ലഭ്യമാണ്.

✪✪✪

സംസ്ഥാനത്ത് നഗര നയം ആവിഷ്കരിക്കുമെന്ന് മന്ത്രി MB രാജേഷ് നിയമസഭയിൽ പറഞ്ഞു. ഇന്ത്യയിൽ ഇതാദ്യമായാണ് ഒരു സംസ്ഥാനത്ത് നഗരനയം ആവിഷ്കരിക്കുന്നതെന്നും, ഈ ഗവണ്മെന്റ് കാലാവധി പൂർത്തിയാക്കും മുൻപ് ഇത് നടപ്പിലാക്കുമെന്നും മന്ത്രി

ചോദ്യോത്തരവേളയിൽ പറഞ്ഞു. നടപടികൾ അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025 ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും.

✪✪✪

പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ, രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ മേഖലാ തല അവലോകന യോഗം കണ്ണൂർ സർവകശാലയിൽ ആരംഭിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൈസ് ചാൻസലർമരുൾപ്പെടെയുള്ളവർ പങ്കെടുക്കുന്നുണ്ട്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

വോയ്സ് ..........

✪✪✪

കോഴിക്കോട്ട് ഗോവിന്ദപുരം സ്വദേശിയായ യുവാവിന്റെ മരണത്തെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസിൽ കുന്ദമംഗലം മജിസ്ട്രേറ്റ് കോടതി ഷിംജിത മുസ്തഫക്ക് ജാമ്യം നിഷേധിച്ചു.യുവാവ് ആത്മഹത്യ ചെയ്തത സംഭവത്തിൽ വീഡിയോ പ്രചരിപ്പിച്ച ഷിംജിത മുസ്തഫയ്ക്കെതിരെ കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് ആത്മഹത്യാ പ്രേരണയ്ക്ക് കേസെടുക്കുകയായിരുന്നു.

✪✪✪

തിരുവനന്തപുരം കഴക്കൂട്ടത്ത് ഡ്യൂട്ടിക്കിടയിൽ സ്റ്റേഷന് മുന്നിൽ പരസ്യമായി മദ്യപിച്ച പോലീസുകാരെ സസ്പെൻഡ് ചെയ്തു. SI മാരായ ബിനു, അരുൺ, CPO മാരായ അരുൺ, രതീഷ്, മനോജ്, അഖിൽരാജ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. പൊലീസുകാർക്ക് നല്ല നടപ്പ് പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. പൊലീസുകാർ മദ്യപിച്ചതു ഡ്യൂട്ടി സമയത്തെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

✪✪✪

അസമിൽ സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് B യിൽ കേരളം മൂന്നാം മത്സരത്തിൽ ഇന്ന് ഉച്ചക്ക് രണ്ടിന് ഒഡീഷയെ നേരിടും. രണ്ട് മത്സരങ്ങളിൽ നിന്ന് ഒരു ജയവും, സമനിലയായി നാല്  പോയിന്റുമാണ് കേരളത്തിനുള്ളത്.

✪✪✪

അണ്ടർ -19 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ -6 സ്റ്റേജിൽ ഇന്ത്യ ഇന്ന് സിംബാംബ്‌വെയെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒരു മണിയ്ക്ക് സിംബാംബ്‌വെയിലെ ബുലവായോയിലാണ് മത്സരം. ഗ്രൂപ്പ് മത്സരങ്ങളിൽ ഒന്നിലും തോൽക്കാതെയാണ് ഇന്ത്യ സൂപ്പർ -6 ഘട്ടത്തിൽ പ്രവേശിച്ചത്.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്, ഗുജറാത്ത് ജയന്റ്സിനെ നേരിടും. വഡോദരയിലെ BCA സ്റ്റേഡിയത്തിൽ  വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസ് ആഹ്വാനം ചെയ്ത രാജ്യവ്യാപക പണിമുടക്ക് ആരംഭിച്ചു. പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചാക്കണമെന്ന ആവശ്യം ഉന്നയിച്ചാണ്  പണിമുടക്ക്.

✪✪✪

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിരമിക്കൽ ആനുകൂല്യ വിതരണ പദ്ധതി മന്ത്രി V. ശിവൻകുട്ടി    വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.  വെട്ടുകാട് കമ്മ്യൂണിറ്റി ഹാളിലെ ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും.

✪✪✪

തമിഴ്നാട്ടിൽ തമിഴക വെട്രി കഴകം നേതാവ് നടൻ വിജയ് ന്റെ ചിത്രം 'ജനനായകന് ' UA സർട്ടിഫിക്കറ്റ് നൽകാൻ സെൻസർ ബോർഡിന് നിർദ്ദേശം നൽകിയ മദ്രാസ് ഹൈക്കോടതി സിംഗിൾബെഞ്ച് ഉത്തരവ്, ഡിവിഷൻ ബെഞ്ച് റദ്ദാക്കി. ഹർജി പുതുതായി പരിഗണിക്കണമെന്നും  ഡിവിഷൻബെഞ്ച് ആവശ്യപ്പെട്ടു. ഹർജിയിൽ സ്വാഭാവിക നീതി ലംഘിച്ചുവെന്ന വിലയിരുത്തലിലാണ് നടപടി.

✪✪✪

തിരുനാവായ മഹാമാഘ മഹോത്സവത്തിൽ ഇന്ന് മഹാനന്ദ നവമി ആചരിക്കും. ഭാരതപ്പുഴയിൽ മഹാനന്ദ സ്നാനം ഇതിന്റെ ഭാഗമായി നടത്തും.   ഈ ദിവസം

ദുർഗ്ഗാദേവിയേയും ലക്ഷ്മീദേവിയേയും തുല്യ പ്രാധാന്യത്തോടെയാണ് ആരാധിക്കുന്നത്. മഹാനന്ദ നവമി ദിനത്തിൽ പുണ്യനദികളിലെ സ്നാനം വിശേഷപ്പെട്ടതാണ്.

✪✪✪

കൽപ്പറ്റ പെരുന്തട്ടയിൽ വീണ്ടും വന്യമൃഗ ആക്രമണം. പെരുന്തട്ട സ്വദേശി ഷണ്മുഖന്റെ പശുക്കുട്ടിയെ കാട്ടുമൃഗം കൊന്നു ഭക്ഷിച്ചു. നേരത്തെ വന്യജീവി ആക്രമണത്തിൽ ഷണ്മുഖന്റെ പശു ചത്തിരുന്നു.

✪✪✪

ഗവണ്മെന്റ് മെഡിക്കൽ കോളജ് ഡോക്ടർമാർ ഫെബ്രുവരി രണ്ടു മുതൽ OP ബഹിഷ്കരിക്കാൻ തീരുമാനിച്ചു. ഇതിന് മുന്നോടിയായി ഇന്ന് സൂചനാ സമരം നടത്തുകയാണ്. OP ബഹിഷ്കരണത്തിന് പുറമെ അടിയന്തരമല്ലാത്ത ശസ്ത്രക്രിയകളിൽ നിന്നും, ചികിത്സയിൽ നിന്നും ഡോക്ടർമാർ വിട്ടുനിൽക്കും.

✪✪✪

---

*News Editor : അനിൽചന്ദ്രൻ*
*News Reader: മണികണ്ഠൻ*
*NRTs: സബിത കെ, നിമിഷ ജി*
*DEO : ഷീബ*